## പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.174 17.06.2013 ന് മറുപടിയ്ക്ക്

### വനപ്രദേശങ്ങളിലെ രൂക്ഷമായ വരൾച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മുൻകാലങ്ങളിലൊന്നും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ വനഭാഗങ്ങളിൽ അതിരൂക്ഷമായ വരൾച്ച അനുഭവപ്പെടുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) വന്യമൃഗങ്ങൾ കൂടുതലായി നാടിറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വനാതിർത്തി ഗ്രാമങ്ങളിൽ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) ഉണ്ട്. ഇക്കാര്യത്തിൽ താഴെ പറയുന്ന മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>2. സൗരോർജ്ജ – വൈദ്യുത കമ്പിവേലികളുടെ നിർമ്മാണം.<br>3. കയ്യാലകളുടെ നിർമ്മാണം.<br>4. ആനകളുടെ സഞ്ചാരപഥം പുന:സ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതിയിൻ കീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ പുനസ്ഥാപിക്കുന്ന പ്രവർത്തനം.<br>5. വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരിൽ വനത്തിനു പുറത്തേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി.<br>6. കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുക. |

7. വനാതിർത്തിയിൽ ജൈവവേലി നിർമ്മിക്കുന്നതിനും വന്യജീവികൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.
8. കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ 8 റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ രൂപീകരണം.
9. വിളകൾ നശിപ്പിക്കുന്ന കാട്ടു പന്നികളെ വ്യവസ്ഥകൾക്ക് വിധേയമായി വെടിവെച്ചു കൊല്ലുന്നതിനുള്ള അനുമതി.

(സി) ജലത്തിന്റെ ദൗർലഭ്യവും വന്യമൃഗങ്ങളുടെ കാടിറങ്ങൽ രീതിയും സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ പഠനത്തിലൂടെ എന്തെല്ലാം കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കുമോ?

(സി) ഈ വിഷയത്തിൽ അന്താരാഷ്ട്രതലത്തിലും ദേശീയ തലത്തിലും പല പഠനങ്ങളും നടത്തിയിട്ടുണ്ട്. വന്യമൃഗങ്ങൾ കാടിനു വെളിയിൽ വരുന്നതിനുള്ള കാരണങ്ങളായി പഠനങ്ങളുടെ അടിസ്ഥാനത്തിലും നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലും കണ്ടെത്തിയിട്ടുള്ളത് താഴെ പറയുന്നവയാണ്.

1. ഫലപ്രദമായ വന്യജീവി സംരക്ഷണത്തിന്റെ ഭാഗമായി വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്.
2. വന്യജീവികളെ ആകർഷിക്കുന്ന രീതിയിലുള്ള നെല്ല്, വാഴ, തെങ്ങ് മുതലായ കൃഷികൾ വനാതിർത്തിയിൽ നടുന്നതുമൂലം.
3. വനത്തിനുള്ളിൽ ഉണ്ടാകുന്ന ജല-ഭക്ഷണ ദൗർലഭ്യം.
4. ദൈനംദിനം വനത്തിൽ സ്വതന്ത്രമായി തുറന്നുവിടുന്ന ലക്ഷക്കണക്കിന് കന്നുകാലികൾ തീറ്റപ്പുല്ലിനുവേണ്ടി വന്യമൃഗങ്ങളുമായി മത്സരിക്കുന്നതുമൂലം.
5. വന്യമൃഗങ്ങളുടെ സഞ്ചാരപഥത്തിന് വിഘ്നം നേരിടുന്നതു മൂലം.

സെക്ഷൻ ഓഫീസർ.